# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

നമ്പർ. 25/റിക്രൂ/2016/കെ.ഡി.ആർ.ബി

തിരുവനന്തപുരം
08.09.2021

## പത്രക്കുറിപ്പ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ (കാറ്റഗറി നമ്പർ – 1/2019) തസ്തികയിലേയ്ക്ക് 28.02.2021 ൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാദ്ധ്യതാ പട്ടിക 07.09.2021 ൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റിന്റെ കോപ്പി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസിലും വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭ്യമാണ്.

സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 2021 സെപ്റ്റംബർ 27 മുതൽ 30 വരെ തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. സാദ്ധ്യതാ പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിലായിരിക്കും വെരിഫിക്കേഷൻ നടത്തുക. ഓരോ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട തീയതിയിലും സമയത്തും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. വെരിഫിക്കേഷൻ തീയതി, സമയം, സ്ഥലം ഇവ സംബന്ധിച്ച വിശദവിവരങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ൽ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് സംബന്ധിച്ച കത്തും എസ്.എം.എസ്സും അയക്കുന്നതാണ്. സെപ്റ്റംബർ 22 വരെ യാതൊരു അറിയിപ്പും ലഭിക്കാത്ത സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്